
21
2021
ഒക്ടോബർ
വ്യാഴം
1197
തുലാം 6

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 175 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-175 പേജ് 4. വില 2.00 രൂപ

02 തിരുവനന്തപുരം ജില്ലയിൽ മഞ്ഞ, ഓറഞ്ച് അലർട്ടുകൾ
03 ലീഗൽ മെട്രോളജി ജീവനക്കാരുടെ സംസ്ഥാന സമ്മേളനം തൃശൂരിൽ
04 സംസ്ഥാനത്ത് 120 റോഡുകൾ നവീകരിക്കും: മന്ത്രി

# 'ചക്രവാതച്ചുഴി' രൂപപ്പെട്ടു; ശക്തമായ മഴയ്ക്ക് സാധ്യത



തിരുവനന്തപുരം: അറബിക്കടലിൽ തെക്കൻ തമിഴ്നാട് തീരത്തിനു സമീപം കടലിൽ 'ചക്രവാതച്ചുഴി' എന്ന പുതിയ പ്രതിഭാസം രൂപപ്പെട്ടു. ഇതോടെ സംസ്ഥാനത്ത് വീണ്ടും ശക്തമായ മഴയ്ക്കുള്ള സാധ്യതയും വന്നു.

അടുത്ത മൂന്നു ദിവസങ്ങളിൽ ചക്രവാതച്ചുഴി തുടരാൻ സാധ്യതയുണ്ട്. ഇതിൻറെ സ്വാധീനത്തിൽ ഈ മാസം 24 വരെ സംസ്ഥാനത്ത് വ്യാപകമായി ഇടി മിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നു കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

ഇന്ന് തീവ്രമഴയ്ക്ക് സാധ്യതയെന്നായിരുന്നു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം നേരത്തേ നല്കിയ മുന്നറിയിപ്പ്. എന്നാൽ ഇന്നലെ പകൽ സമയത്ത് ശക്തമായ മഴ പെയ്യാതിരുന്നത് ജനങ്ങൾക്ക് ആശ്വാസകരമായി. ഇന്നലെ വൈകുന്നേരത്തോടെ വടക്കൻ കേരളത്തിലെ ചില ജില്ലകളിൽ ശക്തമായ മഴ പെയ്തിറങ്ങി.

ചൊവ്വാഴ്ച്ച വൈകുന്നേരം കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൻറെ അറിയിപ്പ് പ്രകാരം ബുധനാഴ്ച്ച കൊല്ലം,ആലപ്പുഴ,കാസർഗോഡ് ഒഴികെയുള്ള സംസ്ഥാനത്തെ 11 ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇന്നലെ രാവിലെയോടെ അതിൽ മാറ്റം വന്നു. മഴയുടെ ശക്തി കുറയുകയും ഓറഞ്ച് അലർട്ട് മൂന്നു ജില്ലകളിലായി ചുരുങ്ങുകയും ചെയ്തു.

നാളെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് റിപ്പോർട്ട്. കണ്ണൂർ, മലപ്പുറം ,കോഴിക്കോട്,തൃശൂർ ജില്ലയിലെ മലയോര പ്രദേശങ്ങൾ,തിരുവനന്തപുരം എന്നിവിടങ്ങളിൽ മഴ ലഭിക്കാൻ സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥാ വകുപ്പിൻറെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പത്രസമ്മേളനത്തിൽ വ്യക്തമാക്കി.

മലയോരജില്ലകളിൽ ഉള്ളവർ ഏറെ ജാഗ്രത പുലർത്തണം. പത്തനംതിട്ട, ഇടുക്കി കോട്ടയം ജില്ലകളിലാണ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. തിരുവനന്തപുരം,കൊല്ലം, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിൽ യല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മഴ കുറഞ്ഞുവെങ്കിലും ഏത് അടിയന്തര സാഹചര്യമുണ്ടായാലും നേരിടാനുള്ള ക്രമീകരണങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുള്ളത്.

സംസ്ഥാനത്ത് തുലാവർഷം അടുത്തയാഴ്ച തുടങ്ങുമെന്നും കേന്ദ്ര കാലാവസ്ഥ വിഭാഗം അറിയിച്ചിരുന്നു. ഈ മാസം 26 മുതൽ ആരംഭിക്കുന്ന തുലാവർഷത്തിന് മുന്നോടിയായി കാലവർഷം ചൊവ്വാഴ്ചയോടെ പിൻവാങ്ങുമെന്നും കാലാവസ്ഥ പ്രവചനത്തിൽ പറയുന്നു.

തുലാവർഷത്തിനൊപ്പം അറബിക്കടലിൽ ന്യൂനമർദം രൂപപ്പെടുകയും കാറ്റ് കേരളത്തിലേക്ക് വീശുകയും ചെയ്താൽ അതു സാരമായി ബാധിക്കാനാണ് സാധ്യത. കാറ്റ് മഴമേഘങ്ങളെ സംസ്ഥാനത്തിന് മുകളിൽ എത്തിച്ചാൽ മേഘവിസ്ഫോടനത്തിനും കാരണമാകാം.

## മഴക്കെടുതി: ജപ്തി നടപടികൾക്ക് ഡിസംബർ 31 വരെ മോറട്ടോറിയം

തിരുവനന്തപുരം: മഴക്കെടുതി മൂലമുണ്ടായ കൃഷിനാശവും കടലാക്രമണവും കോവിഡ് ലോക്ഡൗണും കണക്കിലെടുത്ത് ജപ്തി നടപടികൾക്ക് ഈ വർഷം ഡിസംബർ 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചടവടക്കാരും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, റവന്യൂ റിക്കവറി ആക്ട് 1968 ലെ 71ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് എടുത്ത കാർഷിക വിദ്യാഭ്യാസ ക്ഷീരവികസന മൃഗസംരക്ഷണ വായ്പകൾക്ക് ഇത് ബാധകമാകും.

ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ,എൻബിഎഫ്സി., എംഎഫ്ഐ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിലെ ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മോറട്ടോറിയം ദീർഘിപ്പിക്കാൻ റിസർവ് ബാങ്കിനോടും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും ആവശ്യപ്പെടാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

## പത്മ പുരസ്കാര മാതൃകയിൽ സംസ്ഥാനത്ത് കേരള പുരസ്കാരങ്ങൾ

തിരുവനന്തപുരം: വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്ര സംഭാവന നൽകുന്ന വിശിഷ്ട വ്യക്തികൾക്കുള്ള കേന്ദ്ര സർക്കാരിൻറെ പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ സംസ്ഥാന തലത്തിൽ പരമോന്നത സംസ്ഥാന ബഹുമതിയായ കേരള പുരസ്കാരങ്ങൾ എന്ന പേരിൽ ഏർപ്പെടുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായാണ് പുരസ്കാരം നൽകുകയെന്നു മന്ത്രിസഭാ തീരുമാനങ്ങൾ അറിയിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പുരസ്കാരങ്ങളുടെ എണ്ണവും വിവരവും വിജ്ഞാപനം ചെയ്ത് എല്ലാവർഷവും ഏപ്രിലിൽ പൊതുഭരണ വകുപ്പ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കും. പുരസ്കാരം കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് പ്രഖ്യാപിക്കും. രാജ്ഭവനിൽ പുരസ്കാരവിതരണ ചടങ്ങ് നടത്തും. കേരള ജ്യോതി പുരസ്കാരം വർഷത്തിൽ ഒരാൾക്കാണ് നൽകുക.

കേരള പ്രഭ പുരസ്ക്കാരം രണ്ടുപേർക്കും കേരളശ്രീ പുരസ്കാരം അഞ്ചുപേർക്കും നൽകും. പ്രാഥമിക, ദ്വിതീയ സമിതികളുടെ പരിശോധനക്കു ശേഷം, അവാർഡ് സമിതി പുരസ്കാരം നിർണയിക്കും.

## തീക്കോയിയിൽ മണ്ണിടിച്ചിൽ; ഉരുൾപൊട്ടലെന്ന് സംശയം

കോട്ടയം: ഈരാറ്റുപേട്ടയ്ക്കടുത്ത് തീക്കോയിയിൽ മണ്ണിടിച്ചിൽ. തീക്കോയി മംഗളഗിരി 36 ഏക്കറിലാണ് മണ്ണിടിച്ചിലുണ്ടായത്. ഇത് ഉരുൾപ്പൊട്ടലിൻറെ ഭാഗമാണോയെന്ന് സംശയം ഉ!യരുന്നുണ്ട്.

പ്രദേശം ആൾത്താമസമില്ലാത്ത മേഖലയാണ്. ചുറ്റുമുള്ള രണ്ടേക്കറിൽ ആൾതാമസമില്ല. രാത്രിയായതിനാലും മഴയായതിനാലും സ്ഥിരീകരണത്തിന് തടസങ്ങളുണ്ട്. പൂഞ്ഞാറിൽ ഒരു മണിക്കൂറിനിടെ 19 മില്ലിമീറ്റർ മഴ പെയ്തതായാണ് റിപ്പോർട്ട് ചെയ്യുന്നത്.

## അടുത്ത മൂന്നു മണിക്കൂറിൽ വ്യാപക മഴയ്ക്ക് സാധ്യത; 11 ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത മൂന്നു മണിക്കൂറിനുള്ളിൽ വ്യാപക മഴയ്ക്ക് സാധ്യത. 11 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ജാഗ്രതാ നിർദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലാണ് ജാഗ്രതാ നിർദേശം നൽകിയത്. ഈ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്കു സാധ്യതയെന്നാണു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചത്.

ഇടിമിന്നലിനും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന കാറ്റിനും സാധ്യതയുണ്ട്. ശക്തമായ കാറ്റുമൂലമുള്ള അപകടങ്ങളിൽനിന്നും സുരക്ഷിതമായിരിക്കുവാൻ ജാഗ്രത നിർദേശങ്ങൾ കൃത്യമായി പാലിക്കാനും സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി നിർദേശിച്ചു.

അതേസമയം, കോട്ടയത്തും കോഴിക്കോടും മലയോര മേഖലകളിൽ മഴ തുടരുകയാണ്.

## സ്കൂൾ തുറക്കുന്നതിന്റെ സന്തോഷം കൈറ്റ് വിക്ടേഴ്സിൽ പങ്കുവയ്ക്കാം

നവംബർ 1 ന് സ്കൂൾ തുറക്കുന്നതിന്റെ സന്തോഷം കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ പങ്കുവെയ്ക്കാൻ അവസരം. ഡിജിറ്റൽ ക്യാമറയിലോ നല്ല ക്യാമറ ക്വാളിറ്റിയുള്ള മൊബൈലിലോ ശബ്ദ വ്യക്തതയോടെ ഷൂട്ട് ചെയ്ത വീഡിയോകളാണ് അയയ്ക്കേണ്ടത്. മൊബൈലിൽ ഹൊറിസോണ്ടലായി വേണം ഷൂട്ട് ചെയ്യേണ്ടത്. പരമാവധി മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകൾ എംപി4 ഫോർമാറ്റിലായിരിക്കണം. അയയ്ക്കുന്ന ആളിന്റെ പേരും വിലാസവും ഫോൺ നമ്പരും ബന്ധപ്പെട്ട സ്കൂളിന്റെ പേരും ഉൾപ്പെടെ കൈറ്റ് വിക്ടേഴ്സിന്റെ ചാനലുകളിൽ സംപ്രേഷണം ചെയ്യുന്നതിനുള്ള അനുമതിയും ഉൾപ്പടെ വേണം സൃഷ്ടികൾ അയയ്ക്കാൻ. കൈറ്റിന്റെ ജില്ലാ ഓഫീസുകളിലേയ്ക്ക് ഇമെയിൽ വഴിയാണ് വീഡിയോകൾ സമർപ്പിക്കേണ്ടത്. തെരഞ്ഞെടുക്കുന്നവ സംപ്രേഷണം ചെയ്യും. ഒക്ടോബർ 25നകം വീഡിയോകൾ ലഭിക്കണം.

## ദുരന്തബാധിതർക്ക് കൂടുതൽ സഹായം നൽകുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം സംസ്ഥാനത്തു മഴക്കെടുതി ഗുരുതരമായി ബാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഒക്ടോബർ 12 മുതൽ 20 വരെ 42 മരണങ്ങളാണ് മഴക്കെടുതിയിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത്. ദുരിതബാധിതർക്ക് സാധ്യമായ എല്ലാ സഹായവും നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അറബിക്കടലിലെ ചക്രവാതച്ചുഴിയും ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദവും ശാന്ത സമുദ്രത്തിലെ ചുഴലിക്കാറ്റും മഴക്കെടുതിയിലേക്കു നയിച്ചു. ഇതിൽ ഉരുൾപൊട്ടലിൽ പെട്ട 19 പേരുടെ (കോട്ടയത്ത്12, ഇടുക്കിഏഴ്) മൃതദേഹങ്ങൾ കണ്ടെത്തി. ആറു പേരെ കാണാതായിട്ടുണ്ട്.

304 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നെന്നും പിണറായി അറിയിച്ചു. 3859



കുടുംബങ്ങൾ കഴിയുന്നത് ക്യാമ്പുകളിലാണ്. ക്യാമ്പുകളിൽ കോവിഡ് പകരാതിരിക്കാൻ പ്രത്യേകം ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ക്യാമ്പിൽ പുറത്ത് നിന്നുള്ളവരുടെ സമ്പർക്കം ഒഴിവാക്കണം. ആരോഗ്യപ്രവർത്തകരുടെ സേവനം ക്യാമ്പുകളിൽ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു

## കൃഷി നാശം: നഷ്ടപരിഹാരത്തിനുള്ള നടപടികൾ നവംബർ 10 നകം

തിരുവനന്തപുരം: സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിലേക്ക് സമർപ്പിക്കേണ്ട ക്ലെയിം നടപടികൾ ഉടൻ തന്നെ പൂർത്തീകരിക്കുന്നതിന് കൃഷിമന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്. നടപടികൾ പൂർത്തീകരിക്കാത്ത മുൻ അപേക്ഷകളിൽ നടപടി നവംബർ 10 നകവും ഒക്ടോബറിൽ ഉണ്ടായ കൃഷി നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര അപേക്ഷകളിൽ നടപടി 30 ദിവസത്തിനകവും പൂർത്തിയാക്കണം. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ഭാവിയിലും നഷ്ടപരിഹാര അപേക്ഷകളിൽ ഒരു മാസത്തിനകം വകുപ്പ് നടപടി പൂർത്തികരിക്കും.

കഴിഞ്ഞ ആഴ്ച ഉണ്ടായ ശക്തമായ മഴയിൽ ഇതുവരെ 200 കോടിയുടെ കൃഷിനാശമാണ് സംസ്ഥാനത്ത് കണക്കാക്കപ്പെട്ടിട്ടുള്ളത്. കാർഷിക വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉള്ള നഷ്ടപരിഹാരത്തുകയും ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള തുകയും ലഭിക്കും. വിളകൾ ഇൻഷ്വർ ചെയ്യാത്ത കർഷകർക്ക് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള നഷ്ടപരിഹാര തുകയാണ് ലഭിക്കുക. ഇവ ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിക്കേണ്ട ക്ലെയിം അടക്കമുള്ള രേഖകളാണ് ഉടനെ സമർപ്പിക്കുവാൻ മന്ത്രി നിർദ്ദേശിച്ചത്. വിളനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് വിള നാശത്തിനുള്ള നഷ്ടപരിഹാരത്തിന് പുറമേ കൃഷി പുനഃസ്ഥാപിക്കുന്നതിനായി മറ്റു പല ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. വിത്ത് വിതച്ച ശേഷം വെള്ളം കയറി വിത നഷ്ടപ്പെട്ട കർഷകർക്ക് നെൽ വിത്ത് പൂർണമായും സൗജന്യ നിരക്കിൽ വിതരണം ചെയ്യും. കൂടാതെ പാടശേഖരങ്ങളിൽ മടവീഴ്ച മൂലം കൃഷി നാശം സംഭവിച്ച മേഖലകളിൽ പുറംബണ്ട് കെട്ടുന്നതിനും ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും സർക്കാരിൽനിന്ന് പ്രത്യേകം തുക അനുവദിക്കുമെന്ന് കൃഷിമന്ത്രി അറിയിച്ചു. മടവീഴ്ച ഉണ്ടായ പ്രദേശങ്ങളിൽ ഇതിനകം തന്നെ പുറംബണ്ട് നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ ആലപ്പുഴ ജില്ലയിൽ 26, കോട്ടയം ജില്ലയിൽ 11 മട വീഴ്ചകളാണ് വിവിധ പാടശേഖരങ്ങളിലായി ഉണ്ടായിട്ടുള്ളത്.

കർഷകർക്ക് അവരുടെ പരാതികൾ ബോധിപ്പിക്കുന്നതിനും മറ്റുമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. കൃഷി മന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചും ഒരു കൺട്രോൾ റൂം സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

നഷ്ടപരിഹാരത്തിന് ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കണം. നഷ്ടപരിഹാരത്തിന് ഇപ്പോൾ അകങ്ങ വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അകങ്ങ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാം.

ഇത് കർഷകർക്ക് സ്വന്തമായോ, അക്ഷയ സെൻററുകൾ മുഖേനയോ, കൃഷി ഭവൻ മുഖേനയോ ചെയ്യണം. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി അകങ്ങ പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണെന്നും മന്ത്രി അറിയിച്ചു.

### കേന്ദ്രത്തോട് സഹായം തേടുമെന്ന് മന്ത്രി പി. പ്രസാദ്

ആലപ്പുഴ: മഴക്കെടുതിയിൽ സംസ്ഥാനത്ത് 200 കോടി രൂപയുടെ നാശനഷ്ടമുണ്ടായെന്ന് കൃഷി മന്ത്രി പി. പ്രസാദ്. പ്രാഥമിക കണക്കാണിത്. വിശദമായ കണക്ക് വിലയിരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയെന്നു അദ്ദേഹം പറഞ്ഞു.

കുട്ടനാട്ടിൽ മാത്രം 18 കോടിയുടെ നാശനഷ്ടമാണ് ഉണ്ടായത്. കേന്ദ്രത്തോട് സഹായം തേടും. കാർഷിക മേഖലയിലെ നഷ്ടവുമായി ബന്ധപ്പെട്ടു കേന്ദ്രത്തോട് പ്രത്യേക കാർഷിക പാക്കേജ് ആവശ്യപ്പെടുമെന്നും മന്ത്രി പറഞ്ഞു.

കാലാവസ്ഥ പ്രവചനം കണക്കിലെടുത്തു വലിയ മുന്നൊരുക്കങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. വെള്ളം കയറാൻ സാധ്യതയുള്ള പ്രദേശങ്ങളിലെല്ലാം ജനങ്ങളെ മാറ്റുകയും ക്യാമ്പുകൾ തുറക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ വെള്ളപ്പൊക്ക സാധ്യതയുള്ള കുട്ടനാട് ജനങ്ങളെ ക്യാമ്പിലേക്ക് മാറ്റി. പല സ്ഥലങ്ങളിലും മടവീഴ്ചയുമുണ്ടായിട്ടുണ്ട്. കൊയ്യാറായ നെല്ല് കിളിർക്കുകയും ചെയ്തു. നഷ്ടപരിഹാര കണക്ക് ഉടൻ നൽകാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.



സ്കൂൾ തുറക്കുന്നതിന് മുന്നോടിയായ ശുചീകരണ പ്രവർത്തനം

# സംസ്ഥാനത്തെ തൊഴിലാളികളുടെ മക്കൾക്ക് കുറഞ്ഞ നിരക്കിൽ സിവിൽ സർവീസ് കോച്ചിങ്

തിരുവനന്തപുരം: സംസ്ഥാനത്തെ തൊഴിലാളികളുടെ മക്കൾക്ക് കുറഞ്ഞ നിരക്കിൽ സിവിൽ സർവീസ് കോച്ചിങ് സാധ്യമാക്കാൻ സ്ഥാപിച്ച കിലെ സിവിൽ സർവീസ് അക്കാഡമിയുടെ ആദ്യ റഗുലർ ബാച്ചിന്റെ ഉദ്ഘാടനം വി ശിവൻകുട്ടി നിർവഹിച്ചു. കിലെ ചെയർമാൻ കെ എൻ ഗോപിനാഥ്, ലേബർ കമ്മീഷണർ ഡോ. എസ് ചിത്ര ഐ എ എസ്, ഇക്കഴിഞ്ഞ സിവിൽ സർവീസ് പ്രവേശന പരീക്ഷയിൽ 481 ആം റാങ്ക് നേടിയ അശ്വതി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യൻ സിവിൽ സർവീസിന്റെ ഉന്നത ഉദ്യോഗങ്ങളിൽ കേരളത്തിലെ തൊഴിലാളികളുടെ ആശ്രിതർക്ക് പ്രാതിനിധ്യം തീരെ കുറവായ സാഹചര്യത്തിലാണ് സിവിൽ സർവീസ് പരീക്ഷ എഴുതാൻ അവരെ പ്രാപ്തരാക്കുന്ന രീതിയിൽ കിലെയുടെ കീഴിൽ ഒരു കോച്ചിംഗ് സെന്റർ തുടങ്ങുകയെന്ന ആശയം ഉദിച്ചത്. വി ശിവൻകുട്ടി കിലെ ചെയർമാൻ ആയിരുന്ന കാലത്താണ് പദ്ധതി വിഭാവനം ചെയ്തത് .2021 ഫെബ്രുവരിയിൽ അന്നത്തെ തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ കിലെ സിവിൽ സർവീസ് അക്കാഡമി ഉദ്ഘാടനം ചെയ്തു. 2021 മാർച്ച് 21ന് നാലു മാസം നീണ്ടുനിന്ന ഒരു ഹ്രസ്വകാല ക്രാഷ് കോഴ്സ് ആരംഭിച്ചു. 8 മാസം നീണ്ടുനിൽക്കുന്ന പ്രിലിമിനറി പരീക്ഷയുടെ ആദ്യ റഗുലർ ബാച്ചിന്റെ ഉദ്ഘാടനം ആണ് നടന്നത് . ഈ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചതിൽ 183 പേർ അപേക്ഷ നൽകി. അവർക്കായി ഒരു മത്സര പരീക്ഷ ഈ മാസം 11 ന് നടത്തി. 132 പേർ പരീക്ഷ എഴുതി, അവരുടെ റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ചു.

അവരിൽ 75 ശതമാനം മാർക്ക് നേടിയ 63 പേരെ പ്രാഥമികമായി പരിഗണിച്ചിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗക്കാരായി 7 പേരും പിന്നോക്ക സമുദായങ്ങളിൽ നിന്ന് 43 പേരും മുന്നോക്ക സമുദായങ്ങളിൽ നിന്ന് 13 പേരും പ്രാഥമിക സെലക്ഷനിൽ വന്നിട്ടുണ്ട്. അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു.

ഫീസായി 15,000/ രൂപയാണ്അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആശ്രിതരിൽ നിന്നും വാങ്ങുന്നത്. സംഘടിത മേഖലയിൽ നിന്നുള്ളവർക്ക് 25,000/രൂപയും മറ്റുള്ളവരിൽ നിന്നും 30,000/ രൂപയും ഈടാക്കും.

ഇതര കോച്ചിംഗ് സ്ഥാപനങ്ങൾ വാങ്ങുന്നതിന്റെ ഏതാണ്ട് മൂന്നിലൊന്നു ഫീസാണ് കിലെ സിവിൽ സർവീസ് അക്കാഡമി വാങ്ങുന്നത്. തൽക്കാലം ഓൺലൈനായി തുടങ്ങുന്ന ക്ലാസ് നേരിട്ട് നടത്തുമ്പോൾ വിദ്യാർത്ഥികളുടെ താമസത്തിനും ഭക്ഷണത്തിനും വേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ വഹിക്കണമെന്ന് അവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 60 പേർക്കാണ് പ്രവേശനം നൽകുന്നത്.

വിവിധ വിഷയങ്ങളിൽ ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടുള്ള പരിചയ സമ്പന്നരായ അദ്ധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. അവരിൽ പലരും റിട്ടയേർഡ് കോളേജ് അദ്ധ്യാപകരാണ്. വിഷയങ്ങൾ പഠിക്കുന്ന മുറയ്ക്ക് മാസം തോറും പീരിയോഡിക്കൽ ടെസ്റ്റ് പേപ്പർ നടത്തുന്നതാണ്. കേരളത്തിലെ സംഘടിത അസംഘടിത മേഖലകളിലുള്ള തൊഴിലാളികളുടെ ആശ്രിതരെ പരമാവധി സിവിൽ സർവീസിന്റെ വിവിധ കേഡറുകളിൽ എത്തിക്കുക എന്നതാണ് ഈ അക്കാഡമിയുടെ പരമമായ ലക്ഷ്യം. മുഴുവൻ പഠിതാക്കൾക്കും സിവിൽ സർവീസ് ലഭിക്കാതെ വന്നാൽ പോലും അവർക്ക് ഉദ്യോഗം ലഭിക്കാനുള്ള ഇതര പരീക്ഷകൾ എഴുതി വിജയിക്കാൻ കഴിയുമാറുള്ള വിധത്തിൽ ശേഷി വർധിപ്പിക്കാൻ കഴിയുമെന്നുള്ളതും ഈ കോഴ്സിന്റെ പ്രത്യേകതയാണ്.

# ഇന്ത്യ ടാറ്റയ്ക്ക് വിൽക്കുന്ന നടപടി നിർത്തിവയ്ക്കണം: കേന്ദ്ര തൊഴിലാളി സംഘടനകൾ പ്രധാനമന്ത്രിയ്ക്ക് കത്തയച്ചു

ന്യൂഡൽഹി: പൊതുമേഖലാ സ്ഥാപനമായ എയർ ഇന്ത്യ ടാറ്റയ്ക്ക് വിൽക്കാനുള്ള നടപടി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര തൊഴിലാളി സംഘടനകൾ പ്രധാനമന്ത്രിയ്ക്ക് കത്തയച്ചു. രാജ്യത്തെ ജനങ്ങൾ, പ്രത്യേകിച്ച് എയർ ഇന്ത്യയിലെ തൊഴിലാളികൾ ഈ നീക്കത്തിനെതിരാണെന്ന് കത്തിൽ ചൂണ്ടിക്കാട്ടി. രാജ്യത്തിന്റെ സ്വത്തുക്കൾ വിറ്റഴിക്കുന്ന നടപടിയിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നും എഐടിയുസി, ഐഎൻടിയുസി, എച്ച്എംഎസ്, സിഐടിയു, എഐയുടിയുസി, ടിയുസിസി, സേവ, എഐസിസിടിയു, എൽപിഎഫ്, യുടിയുസി എന്നീ തൊഴിലാളി സംഘടനകൾ കത്തിൽ ആവശ്യപ്പെട്ടു.

നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാനത്തുനിന്ന് ഇപ്പോഴുള്ള അതിഭീമമായ കടബാധ്യതയിലേക്ക് എയർ ഇന്ത്യ എത്തിച്ചേർന്നതിന് കാരണം കേന്ദ്ര സർക്കാരിന്റെ തന്നെ നയങ്ങളും നടപടികളുമാണെന്ന് കത്തിൽ ചൂണ്ടിക്കാട്ടി. തുച്ഛവിലയ്ക്കാണ് ഈ വില്പന നടത്തുന്നതെന്ന് വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇത് സർക്കാരിന്റെ തെറ്റായ പ്രവൃത്തികളുടെ ഫലമായി ഉണ്ടായതാണന്ന കാര്യം മറച്ചുവയ്ക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ ശ്രമമെന്ന് ട്രേഡ് യൂണിയനുകൾ കുറ്റപ്പെടുത്തി.

141 എയർക്രാഫ്റ്റുകൾ, വിദഗ്ധ പരിശീലനം ലഭിച്ച തൊഴിലാളികൾ, ഇന്ത്യയിലേതും വിദേശത്തേത്തുമായ വിമാനത്താവളങ്ങളിൽ 1800 അന്തർദേശീയ സ്ലോട്ടുകൾ, 4400 ആഭ്യന്തര സ്ലോട്ടുകൾ തുടങ്ങിയവയാണ് പുതിയ ഉടമകൾക്ക് ഈ നീക്കത്തിലൂടെ ലഭ്യമാകുന്നത്. ഇതുവഴി വലിയ ലാഭമുണ്ടാക്കാനുള്ള അവസരങ്ങളും തുറന്നുകൊടുക്കപ്പെടുന്നതായി കത്തിൽ ചൂണ്ടിക്കാട്ടി. നിലവിൽ ടാറ്റയുടെ ഉടമസ്ഥതയിലുള്ള വിസ്താര, എയർ ഏഷ്യ എന്നീ വിമാനകമ്പനികളോടൊപ്പം എയർ ഇന്ത്യ കൂടി ലഭിക്കുന്നതോടെ ഇന്ത്യയുടെ വ്യോമയാന മേഖലയിൽ സ്വകാര്യകമ്പനികൾ വിപണി നിയന്ത്രിക്കുന്ന സ്ഥിതിയുണ്ടാകും.

വിദഗ്ധ പരിശീലനം ലഭിച്ചവരും പ്രവൃത്തി പരിചയമുള്ളവരുമായ 14,000ത്തിലധികം തൊഴിലാളികൾക്കുമേൽ അനിശ്ചിതത്വം നിലനിൽക്കുകയാണെന്ന കാര്യവും ട്രേഡ് യൂണിയനുകൾ ചൂണ്ടിക്കാട്ടി. ഇവരുടെ താല്പര്യങ്ങൾ പരിഗണിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇനിയും വ്യക്തത വന്നിട്ടില്ല. കോവിഡ് ലോക്ഡൗൺ കാലത്തുൾപ്പെടെ, രാജ്യത്തെ നിർണായകമായ പല സാഹചര്യങ്ങളിലും കഠിനപ്രയത്നം നടത്തിയവരാണ് ഈ തൊഴിലാളികളെന്നത് സർക്കാർ വിസ്മരിക്കരുതെന്നും ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടു.

# ഉപതെരഞ്ഞെടുപ്പ് നടക്കാനിരിക്കെ ബിഹാറിൽ ആർജെഡി

## കോൺഗ്രസ് ഭിന്നത രൂക്ഷം

പട്ന: ഉപതെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ബിഹാറിൽ പരസ്പരം ഏറ്റുമുട്ടി ആർജെഡിയും കോൺഗ്രസും.

സ്വതന്ത്രമായി മത്സരിക്കാനുള്ള തീരുമാനത്തിന് ശേഷം ഇരു പാർട്ടികളും തമ്മിലുള്ള ഭിന്നത രൂക്ഷമായതായാണ് റിപ്പോർട്ടുകൾ. കുശേശ്വർ അസ്താൻ ,താരാപൂർ നിയമസഭാമണ്ഡലങ്ങളിലേക്കാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. കുശേശ്വർ അസ്താനിലെ സീറ്റ് കോൺഗ്രസിന് നൽകാൻ ആർജെഡി വിസമ്മതിച്ചിരുന്നു. 2020ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥി അശോക് കുമാർ ജെഡിയുവിനോട് 7000 വോട്ടുകൾക്കാണ് പരാജയപ്പെട്ടത്. സീറ്റ് നിഷേധിച്ചതിനു പിന്നാലെ ആർജെഡിക്കെതിരെ രൂക്ഷ വിമർശനവുമായി ബിഹാർ കോൺഗ്രസ് നേതാവ് ഭക്ത ചരൺ ദാസ് രംഗത്തെത്തി. കോൺഗ്രസും ആർജെഡിയും ഇടതുപക്ഷവും തമ്മിലുള്ള സഖ്യം മതേതര, ജനാധിപത്യ, സോഷ്യലിസ്റ്റ് ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ആർജെഡി സഖ്യം തകർക്കാൻ ശ്രമിക്കുന്നു എന്നതിനർത്ഥം അവർ വർഗീയ ശക്തികളോടൊപ്പമാണെന്നാണ്. കോൺഗ്രസിന്റെ ആവശ്യം നിഷേധിച്ചതിലൂടെ പാർട്ടിയുടെ അസ്ഥിത്വമാണ് ആർജെഡി നഷ്ടപ്പെടുത്തിയതെന്നും ചരൺ ദാസ് ആരോപിച്ചു. എന്നാൽ,ചരൺ ദാസിന്റെ പരാമർശങ്ങൾ നിർഭാഗ്യകരമാണെന്ന് മുതിർന്ന ആർജെഡി നേതാവും രാജ്യസഭാ എംപിയുമായ മനോജ് കെ ഝാ പറഞ്ഞു. ബിഹാറിന്റെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചുള്ള അറിവില്ലായ്മയെ കോൺഗ്രസ് നേതാവ് ഒറ്റിക്കൊടുക്കുകയാണെന്നും അദ്ദേഹം പ്രതികരിച്ചു. വർഗീയ ശക്തികളെ ചെറുക്കാൻ ലാലു പ്രസാദ് യാദവും ആർജെഡിയും ചെയ്ത ത്യാഗത്തെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായി അറിയില്ല. ബിജെപിയുടെ രഥയാത്ര തടയുകയും എൽ കെ അഡ്വാനിയെ അറസ്റ്റ് ചെയ്യുകയും ചെയ്ത രാജ്യത്തെ ഏക മുഖ്യമന്ത്രിയാണ് ലാലു പ്രസാദ് യാദവ്. സംസ്ഥാനത്തിന്റെ ചുമതല ഏറ്റെടുത്ത ശേഷം ഇക്കാര്യങ്ങളൊന്നും ചരൺ ദാസിനെ ആരും അറിയിച്ചില്ലെന്നത് ഖേദകരമാണെന്നും ഝാ പ്രതികരിച്ചു. ആർജെഡി ഭരിക്കുന്ന സഖ്യത്തിൽ വളരെക്കാലമായി ഒരു പിന്തുണയെന്ന നിലയിലായിരുന്നു കോൺഗ്രസിന്റെ പങ്ക്. സഖ്യം ഭിന്നിച്ചതോടെ സംസ്ഥാനത്ത് പാർട്ടിയെ പുനരുജ്ജീവിപ്പിക്കാനുള്ള അവസരമായി ഉപതെരഞ്ഞെടുപ്പ് ഉപയോഗപ്പെടുത്താമെന്നാണ് നേതൃത്വം വിലയിരുത്തുന്നത്. പാർട്ടി സെക്രട്ടറിമാരായ ചന്ദൻ യാദവിനെയും രഞ്ജിത് രഞ്ജനെയും കുശേശ്വർ അസ്താനിലും ,താരാപൂരിലും തെരഞ്ഞെടുപ്പ് ചുമതലയ്ക്കായി നിയമിച്ചിട്ടുണ്ട്.

# തിരുവനന്തപുരം ജില്ലയിൽ മഞ്ഞ, ഓറഞ്ച് അലർട്ടുകൾ

തിരുവനന്തപുരം: ജില്ലയിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ഇടങ്ങളിൽ 24 മണിക്കൂറിൽ 115.6 മില്ലിമീറ്റർ മുതൽ 204.4 മില്ലിമീറ്റർ വരെയുള്ള അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ജില്ലയിൽ 22 ന് 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെയുള്ള ശക്തമായ മഴയക്ക് സാധ്യതയുണ്ടെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. മേൽ സാഹചര്യത്തിൽ ഇന്നും നാളെയും ഓറഞ്ച് അലർട്ടും 22ന് മഞ്ഞ അലർട്ടും പ്രഖ്യാപിച്ചതായി ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു.

കഴിഞ്ഞ ദിവസങ്ങളിൽ വലിയ അളവിൽ മഴ ലഭിച്ച പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങൾ, നദീതീരങ്ങൾ, ഉരുൾപൊട്ടൽമണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

മുൻവർഷങ്ങളിൽ ഉരുൾപൊട്ടൽമണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ഉണ്ടായ മേഖലകളിൽ ഉള്ളവരും, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സമിതിയും അപകട സാധ്യത മേഖലകൾ അഥവാ വാസയോഗ്യമല്ലാത്ത പ്രദേശങ്ങളെന്ന് കണ്ടെത്തിയ സ്ഥലങ്ങളിൽ താമസിക്കുന്നവരും അവിടങ്ങളിലുള്ള തദ്ദേശ സ്ഥാപനങ്ങളും സർക്കാർ സംവിധാനങ്ങളും അപകട സാധ്യത മുന്നിൽക്കണ്ട് തയാറെടുപ്പുകൾ പൂർത്തീകരിക്കണം.കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ നടത്താൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓറഞ്ച് ബുക്ക് 2021 ലൂടെ നിർദേശിച്ച തരത്തിലുള്ള തയാറെടുപ്പുകൾ പൂർത്തീകരിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

ഇന്ന് മുതൽ 22വരെ കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മേൽസാഹചര്യത്തിൽ ഈ ദിവസങ്ങളിൽ കേരളലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ഇന്നും നാളെയും തെക്ക് കിഴക്കൻ അറബിക്കടലിലും കന്യാകുമാരി, മാലിദ്വീപ് തീരങ്ങളിലും ഗൾഫ് ഓഫ് മാന്നാറിലും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഈ ദിവസങ്ങളിൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

# വനിതാ കമ്മിഷനിൽ ഗവേഷണ പഠനത്തിന് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു

തിരുവനന്തപുരം: കേരള വനിതാ കമ്മിഷൻ ഗവേഷണ പഠനങ്ങൾക്ക് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. സ്ത്രീകൾക്കെതിരായ ഗാർഹിക പീഡനം, കേരളത്തിലെ സ്ത്രീധന പീഡന മരണങ്ങൾ, സ്ത്രീകളിൽ സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം എന്നീ മേജർ പഠനങ്ങളും തൊഴിലിടങ്ങളിലെ ലൈംഗിക അധിക്ഷേപം, സ്ത്രീകളിലെ ആത്മഹത്യാ പ്രവണത എന്നീ മൈനർ പഠനങ്ങൾക്കുമാണ് പ്രൊപ്പോസലുകൾ നൽകേണ്ടത്. ഗവേഷണ പഠനങ്ങൾ നടത്തി മുൻ പരിചയമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കാം. അവസാന തീയതി 28. കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ ѡѡѡ.സലൃമഹമംീ ലിരീാാശശൈീി.ഴീ.ശി ൽ നൽകിയിരിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരം തയാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കെൽട്രോൺ നോളഡ്ജ് സെന്റർ (സ്പെൻസർ ജംഗ്ഷൻ)ൽ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജീസ്, ഡിസിഎ, സോഫ്റ്റ് വെയർ ടെസ്റ്റിംഗ് അക്കൗണ്ടിംഗ്, ടീച്ചേഴ്സ് ട്രെയിനിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നീ കോഴ്സുകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചത്. ഫോൺ: 0471 2337450, 9544499114

# വയോജനങ്ങൾക്കുള്ള ദന്തചികിത്സ; കിംസ്ഹെൽത്ത് വീട്ടിലെത്തും

തിരുവനന്തപുരം: കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വൃദ്ധരായ രോഗികൾക്ക് ദന്തചികിത്സ വീട്ടിലെത്തി നടത്തുകയാണ് കിംസ്ഹെൽത്ത്. തിരുവനന്തപുരം നഗരത്തിലാണ് തുടക്കത്തിൽ ഈ സൗകര്യം ഏർപ്പെടുത്തിയത്.

കോവിഡ് ലോക്ഡൗൺ സമയത്ത് കിടപ്പിലായ വയോവൃദ്ധനായ രോഗിയ്ക്ക് ദന്തചികിത്സ നടത്തുന്നതിനുള്ള അന്വേഷണം ടെലിമെഡിസിൻ വിഭാഗത്തിൽ വന്നതിലൂടെയാണ് വീട്ടിലെത്തി ചികിത്സ നടത്തുന്നതിനുള്ള സാധ്യത ഡോക്ടർമാർ അന്വേഷിച്ചത്. തുടർന്ന് ഡെൻറിസ്റ്റ്, ടെക്നീഷ്യൻ, നഴ്സ് എന്നിവർ വീട്ടിലെത്തി രോഗിയെ ചികിത്സിക്കുകയായിരുന്നു. വായിലെ പല്ല് പൂർണമായും (ഡെഞ്ചർ) മാറ്റിവയ്ക്കേണ്ട അവസ്ഥയിലായിരുന്നു തൊണ്ണൂറുകാരനായ ഇദ്ദേഹം. അധികസമയം ഇരിക്കാനും ബുദ്ധിമുട്ടുണ്ടായിരുന്ന അദ്ദേഹത്തിന് അഞ്ച് ഭവന സന്ദർശനങ്ങളിലൂടെയാണ് കിംസ്ഹെൽത്തിലെ ദന്തചികിത്സാ സംഘം പല്ല് പൂർണമായും ഘടിപ്പിച്ചത്.

ഒരു ഡെൻറൽ ക്ലിനിക്കിൽ വച്ച് ചെയ്യേണ്ട സങ്കീർണമായ ചികിത്സാരീതിയാണ് പ്രത്യേക താത്പര്യമെടുത്ത് വീട്ടിൽ വച്ച് ചെയ്തത്. ഈ വെല്ലുവിളി ഏറ്റെടുത്ത് ചികിത്സാദൗത്യം പൂർത്തിയാക്കിയ ഡോക്ടർമാർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നുവെന്ന് കിംസ്ഹെൽത്ത് ചെയർമാനും എംഡിയുമായ ഡോ. എം ഐ സഹദുള്ള പറഞ്ഞു. സാമൂഹ്യചികിത്സാരീതിയിൽ കണ്ടു വരുന്ന ഡെൻറൽ ക്യാമ്പിൽ നിന്ന് പാടെ വ്യത്യസ്തമാണ് കിംസ്ഹെൽത്ത് ഇപ്പോൾ നൽകുന്ന ഈ സേവനം. ഓരോ രോഗിയുടെയും ആവശ്യമറിഞ്ഞ് വ്യക്തിപരമായാണ് ദന്തചികിത്സാ സേവനങ്ങൾ നൽകുന്നത്. വയോജന്യരോഗാവസ്ഥയിലുള്ള രോഗികൾക്കാണ് ഈ സൗകര്യം ഏറെ ഗുണം ചെയ്യുന്നത്.

കോവിഡ് ഭീതിയിൽ പുറത്തിറങ്ങാൻ ആശങ്കയുള്ളവർക്കും ശയ്യാവലംബിതരായ രോഗികൾക്കും ദന്തപരിചരണം ആവശ്യമായി വന്നാൽ ഏറെ സഹായകരമാവുകയാണ് കിംസ്ഹെൽത്തിന്റെ ഈ സേവനം.



# മുസ്ലിം ദമ്പതികളുടെ കോഴിക്കട അടിച്ചുതകർത്തു

ബംഗളൂരു: കർണാടകയിലെ ബെലഗാവിയിൽ മുസ്ലിം കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള കോഴിക്കട ഹിന്ദു വലതുപക്ഷ സംഘം അടിച്ചുതകർത്തു. യമനാപ്പൂരിലെ ഹസൻ സാബിന്റെയും ഭാര്യ അഫ്സാന ഹസൻ സാബ് ഖുറേഷിയുടെയും കടയാണ് തകർത്തത്. ഈ മാസം എട്ടിനു നടന്ന സംഭവത്തിന്റെ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതോടെയാണ് സംഭവം പുറം ലോകം അറിയുന്നത്. ആക്രമണം സംബന്ധിച്ച് പൊലീസിൽ പരാതി നൽകിയെങ്കിലും നടപടി ഉണ്ടായില്ലെന്നും ദമ്പതികൾ ആരോപിച്ചു.

പുതിയ ക്ഷേത്രം തുറക്കുന്ന സമയത്ത് കട അടിച്ചിടണമെന്ന് അക്രമികൾ ആവശ്യപ്പെട്ടിരുന്നതായി അഫ്സാന പറഞ്ഞു. അധികൃതരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടില്ലെങ്കിലും രാവിലെ ഇവർ കട അടിച്ചിട്ടു. എന്നാൽ ഉച്ചയോടെ കട വൃത്തിയാക്കുന്നതിനു വേണ്ടി രണ്ട് തൊഴിലാളികളെ പറഞ്ഞയച്ചപ്പോഴാണ് ആക്രമണം ഉണ്ടായത്. അക്രമികൾ തൊഴിലാളികളെ അധിക്ഷേപിക്കുകയും ചെയ്തു. സംഭവം അറിഞ്ഞ് കടയിലെത്തിയ ദമ്പതികളെ ഇവർ ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്തുവെന്നും ആരോപണമുണ്ട്. നഗരം വിട്ടുപോകണമെന്നും ഇവിടെ ജീവിക്കാൻ അനുവദിക്കുകയില്ലെന്നുമായിരുന്നു ഭീഷണി. ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് തന്റെ കുടുംബം 2500 രൂപ സംഭാവന നൽകിയിരുന്നുവെന്നും ഹസൻ പറഞ്ഞു. പരാതിയുമായി പൊലീസിനെ സമീപിച്ചപ്പോൾ ഉദ്യോഗസ്ഥർ ഒത്തുതീർപ്പിനു ശ്രമിക്കുകയും നപടി എടുക്കാതെ വിട്ടയക്കുകയുമായിരുന്നുവെന്നും ഇയാൾ ആരോപിച്ചു.

ഒക്ടോബർ എട്ടിനാണ് സംഭവം നടന്നക്കുന്നത്. സംഭവുമായി ബന്ധപ്പെട്ട് കുടുംബം ലോക്കൽ പൊലീസ് സ്റ്റേഷനിൽ സമീപിച്ചെങ്കിലും വേണ്ട നടപടി ഉണ്ടായില്ല. ഇതേ തുടർന്ന് സംഭവത്തിന്റെ വീഡിയോ സമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ചതോടെയാണ് പുറംലോകമറിയുന്നത്. സമീപ പ്രദേശങ്ങളിൽ ക്ഷേത്രങ്ങൾ ഉള്ളതിനാൽ സമീപത്തെ കോഴിക്കടകൾ അടച്ചപൂട്ടണമെന്നാണ് ഹിന്ദുത്വ ഗ്രൂപ്പിന്റെ അവകാശ വാദം. കടകൾ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടത്തിന്റേയോ ഒരു അതോറിറ്റിയുടെയോ ഭാഗത്തുനിന്നും യാതൊരു നിർദ്ദേശവും ഉണ്ടായിരുന്നില്ലെന്നാണ് പ്രദേശവാസികൾ പറയുന്നത്. കടയിൽ ജോലിചെയ്തിരുന്ന തൊഴിലാളികളെ ആക്രമിക്കുകയും വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ ഹസനയെയും ഭാര്യയെയും ഇവർ ഭീഷണിപ്പെടുത്തുകയും ചെയ്തു. ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് തന്റെ കുടുംബം 2500 രൂപ സംഭാവന നൽകിയതായും ഹസൻ പറഞ്ഞു.

പരാതി നൽകാൻ പൊലീസിൽ സമീപിച്ചെങ്കിലും ബിസിനസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടില്ലെന്നും ഇതിൽ പരാതി നൽകേണ്ട ആവശ്യമില്ലെന്നുമാണ് പൊലീസ് പറഞ്ഞതെന്ന് ഹസൻ വ്യക്തമാക്കി. പിന്നീട് കട തുറക്കാൻ ശ്രമിച്ചെങ്കിലും സംഘം ഗ്രാമത്തിൽ നിന്ന് പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തുകയും പണം തട്ടിയെടുക്കുകയും ചെയ്തതായി ഹസൻ പറഞ്ഞു.

# ലീഗൽ മെട്രോളജി ജീവനക്കാരുടെ സംസ്ഥാന സമ്മേളനം തൃശൂരിൽ

തൃശൂർ: ലീഗൽ മെട്രോളജി ജീവനക്കാരുടെ അംഗീകൃത സംഘടനയായ കേരള ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷന്റെ 20ാം സംസ്ഥാന സമ്മേളനം ഡിസംബർ 11,12 തീയതികളിൽ തൃശൂരിൽ നടക്കും.

സമ്മേളന നടത്തിപ്പിനായുള്ള സ്വാഗതസംഘം രൂപീകരണ യോഗം സിപിഐ തൃശൂർ ജില്ലാ സെക്രട്ടറി കെ കെ വത്സരാജ് ഉദ്ഘാടനം ചെയ്തു. രാജ്യം വ്യവസായ സൗഹൃദമാകുന്നതോടൊപ്പം തന്നെ തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും സാധാരണക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഭരണാധികാരികൾ പ്രാധാന്യം നൽകണമെന്ന് അദ്ദേഹം പറഞ്ഞു.

തൃശൂർ എംഎൽഎ പി ബാലചന്ദ്രൻ രക്ഷാധികാരിയായും സിപിഐ ജില്ലാ സെക്രട്ടറി കെ കെ വത്സരാജ് ചെയർമാനുമായുള്ള 101 അംഗ സ്വാഗതസംഘം രൂപീകരിച്ചു. യോഗത്തിൽ എഐടിയുസി ജില്ലാ സെക്രട്ടറി കെ ജി ശിവാനന്ദൻ, മഹിളാസംഘം ജില്ലാ പ്രസിഡന്റ് സ്വർണലത, കെജിഒഎഫ് ജില്ലാ സെക്രട്ടറി ഡോ. കെ വിവേക്, ജോയിന്റ് കൗൺസിൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം വി കബീർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറി ജി ആർ രാജീവ് എന്നിവർ സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. വി എൻ സന്തോഷ് കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് അനൂപ് വി ഉമേഷ് നന്ദി പ്രകാശിപ്പിച്ചു.

## വെബിനാർ നാളെ

ജനകീയ ആസൂത്രണം രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ കാർഷികരംഗത്തെ അനുഭവപാഠങ്ങളും അടിയന്തര കടമകളും എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിക്കുന്നു. നാളെ (ഒക്ടോബർ 22) ഉച്ചക്ക് 2.45 ന് നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിസന്റ് സാം കെ. ഡാനിയൽ അധ്യക്ഷനാവും. ജില്ലാ കലക്ടർ അഫ്സാന പർവീൺ സ്വാഗതം പറയും. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ജിജു പി. അലക്സ്, സംസ്ഥാന ആസൂത്രണ ബോർഡ് കൃഷി വിഭാഗം ചീഫ് എസ്. എസ് നാഗേഷ് എന്നിവർ പ്രഭാഷണം നടത്തും.

ജില്ലാ ആസൂത്രണ സമിതി സർക്കാർ നോമിനി എം.വിശ്വനാഥൻ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ഷീബ കെ. എസ്, ജില്ലാ പ്ലാനിംഗ് ഓഫീസർ പി. ജെ ആമിന, കാർഷിക രംഗത്തെ വിദഗ്ദ്ധർ, കർഷകർ എന്നിവർ പങ്കെടുക്കും.

## ഡ്രൈവർ തസ്തിക: നിയമനം നടത്തും

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള നഗരകാര്യ വകുപ്പിൽ വിവിധ ജില്ലകളിലായി നിലവിലുള്ള 16 എൽ ഡി വി ഡ്രൈവർമാരുടെ ഒഴിവുകളിൽ വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികയിലേക്ക് നിയമനത്തിനായി പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

നഗരകാര്യ വകുപ്പ്, തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായി മാറിയ സാഹചര്യത്തിൽ പുതിയ റാങ്ക്ലിസ്റ്റ് തയ്യാറാക്കേണ്ടതില്ലാത്തതിനാലാണ് മറ്റ് വകുപ്പുകളിലെ ഒഴിവുകൾ നികത്താൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സർക്കാർ ശുപാർശ ചെയ്തതെന്ന് മന്ത്രി വ്യക്തമാക്കി.

# മലയോര മേഖലയിലും നദിക്കരകളിലും താമസിക്കുന്നവർ അതീവ ജാഗ്രത പുലർത്തണം മുഖ്യമന്ത്രി



മലയോര മേഖലയിലും നദിക്കരകളിലും താമസിക്കുന്നവർ അതീവ ജാഗ്രത പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഒക്ടോബർ 20 ബുധനാഴ്ച മുതൽ 23 ശനിയാഴ്ച വരെ സംസ്ഥാനത്ത് വ്യാപകമായി അതിശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്.

പ്രധാന മഴക്കാലത്തിന്റെ അവസാനഘട്ടത്തിൽ എത്തി നിൽക്കുന്നതു കൊണ്ടു തന്നെ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും നദികൾ കരകവിഞ്ഞൊഴുകുന്നതിനും സാധ്യത വളരെ കൂടുതലാണ്. കുറഞ്ഞ സമയം കൊണ്ട് കുത്തിയൊലിച്ചു പെയ്യുന്ന അതിശക്തമായ മഴ തുടർച്ചയായി അപകടം വിതക്കുന്ന സാഹചര്യമുണ്ട്. ചുരുക്കം മണിക്കൂറുകൾ കൊണ്ട് തന്നെ വലിയ അപകടങ്ങൾക്ക് സാധ്യതയേറെയാണ്. അതുകൊണ്ട് നിലവിലെ സാഹചര്യം സാധാരാണ ഗതിയിലേക്ക് എത്തുന്നത് വരെ മലയോര മേഖലയിലും നദിക്കരകളിലും അതീവ ജാഗ്രത പുലർത്താൻ ദുരന്ത നിവാരണ അതോറിറ്റി കർശന നിർദേശം പുറപ്പെടുച്ചിട്ടുണ്ട്.

ജി.എസ്. ഐ യുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും വിദഗ്ധ സംഘങ്ങളുടെ പഠനങ്ങളിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ വീടുകളിൽ താമസിക്കുന്നവരെ മുന്നറിയിപ്പ് അവസാനിക്കുന്നതുവരെ നിർബന്ധമായും സുരക്ഷിതമായ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. നദിക്കരയോട് ചേർന്ന് അപകടകരമായ അവസ്ഥയിൽ താമസിക്കുന്നവരെയും നദികളുടെ ഒഴുക്ക് സാധാരണ നില കൈവരിക്കുന്നതുവരെ മാറ്റി താമസിപ്പിക്കേണ്ടതാണെന്നും നിർദേശിച്ചു.

ഒക്ടോബർ 20 ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ എന്നീ ജില്ലകളിലും ഒക്ടോബർ 21 ന് കണ്ണൂർ, കാസർകോഡ് ജില്ലകൾ ഒഴികെ മുഴുവൻ ജില്ലകളിലും കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

നിലവിലുള്ള സൂചന പ്രകാരം അതിശക്തമായ മഴ കൂടുതലായും കേരളത്തിന്റെ കിഴക്കൻ മലയോര മേഖലയിലും പശ്ചിമഘട്ട മേഖലയിലുമായിരിക്കും കേന്ദ്രീകരിക്കുക.

അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യത മേഖലയിലാകെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അതീവ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലെല്ലാം തന്നെ റവന്യൂ വകുപ്പും തദ്ദേശ സ്ഥാപനങ്ങളും ചേർന്ന് ക്യാമ്പുകൾ തയ്യാറാക്കേണ്ടതും ഈ വിവരം പൊതുജനങ്ങളെ അറിയിക്കേണ്ടതുമാണ്. പൊതുജനങ്ങൾ തങ്ങളുടെ പ്രദേശത്തെ ക്യാമ്പുകളുടെ വിവരം മനസ്സിലാക്കി വെക്കുകയും മഴ ശക്തിപ്പെടുന്ന ഉടനെ തന്നെ ക്യാമ്പുകളിലേക്കോ മറ്റ് സുരക്ഷിത സ്ഥാനത്തേക്കോ മാറുകയും വേണം. അപകട സാധ്യതയുള്ള വീടുകളിൽ അധിവസിക്കുന്നവർ എമർജൻസി കിറ്റ് തയ്യാറാക്കി വെക്കണം. മഴ ശക്തിപ്പെടുന്ന സാഹചര്യത്തിൽ ഉടനടി മാറേണ്ടതുമാണ്.

പകൽ സമയത്ത് മഴ മാറി നിൽക്കുന്നത് കൊണ്ട് അമിതമായ ആത്മവിശ്വാസം ദുരന്ത സാധ്യത പ്രദേശങ്ങളിലുള്ള ജനങ്ങളോ ഉദ്യോഗസ്ഥരോ കാണിക്കാൻ പാടുള്ളതല്ല. കാലാവസ്ഥ മുന്നറിയിപ്പിൽ മാറ്റങ്ങൾ വരാവുന്നതും ചിലപ്പോൾ തെറ്റുകൾ സംഭവിക്കാവുന്നതുമാണ്. അതുകൊണ്ട് ദുരന്ത നിവാരണ അതോറിറ്റി പ്രഖ്യാപിക്കുന്ന അതീവ ജാഗ്രത നിർദേശം പിൻവലിക്കുന്നത് വരെ സുരക്ഷാ മാർഗ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# 'ഹിന്ദി പഠിക്കൂ, എന്നിട്ട് റീഫണ്ട് ചെയ്യാം'; തമിഴ് കസ്റ്റമറെ പരിഹസിച്ചതിന് മാപ്പ് പറഞ്ഞ് സൊമാറ്റോ

ചെന്നൈ: പരാതിയുമായെത്തിയ തമിഴ് ഉപഭോക്താവിനെ ഹിന്ദി അറിയില്ലെന്ന പേരിൽ കസ്റ്റമർ കെയർ ഏജൻറ് അപമാനിച്ച സംഭവത്തിൽ മാപ്പ് പറഞ്ഞ് ഓൺലൈൻ ഭക്ഷണ വിതരണക്കാരായ സൊമാറ്റൊ. തമിഴിലും ഇംഗ്ലീഷിലും വിശദീകരണക്കുറിപ്പിറക്കിയാണ് സമൂഹമാധ്യമങ്ങളിൽ ആളിക്കത്തുന്ന പ്രതിഷേധം അണയ്ക്കാൻ കമ്പനിയുടെ നീക്കം. പിന്നാലെ പിരിച്ചുവിട്ട ജീവനക്കാരിയെ തിരിച്ചെടുക്കുകയും ചെയ്തു. ഓർഡർ ചെയ്ത ഭക്ഷണ ഇനങ്ങളിൽ ഒരെണ്ണം കുറഞ്ഞതിനെ തുടർന്ന് അതിൻറെ പണം റീഫണ്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട തമിഴ്നാട് സ്വദേശി വികാസിനാണ് ദുരനുഭവം ഉണ്ടായത്. സൊമാറ്റോയിൽ ഭക്ഷണം ഓർഡർ ചെയ്യുകയും ഒരു ഇനം നഷ്ടപ്പെടുകയും ചെയ്തു. എനിക്ക് ഹിന്ദി അറിയാത്തതിനാൽ തുക തിരികെ നൽകാനാവില്ലെന്ന് കസ്റ്റമർ കെയർ പറയുന്നു. ഒരു ഇന്ത്യക്കാരനായ എനിക്ക് ഹിന്ദി അറിയണം എന്ന പാഠവും ഉൾക്കൊള്ളുന്നു. അയാൾക്ക് തമിഴ് അറിയാത്തതിനാൽ എന്നെ ഒരു നുണയനാണെന്ന് മുദ്രകുത്തുകയും ചെയ്തു. വികാസ് ട്വീറ്റ് ചെയ്തു. ഈ ചാറ്റിൻറെ സ്ക്രീൻ ഷോട്ടുകൾ വികാസ് ട്വിറ്ററിൽ പങ്കിട്ടതോടെ സൊമാറ്റോയ്ക്കെതിരേ പ്രതിഷേധം ശക്തമായി.

ഞലഷലരദോമഭീ എന്ന ഹാഷ്ടാഗ് ട്വിറ്ററിൽ ട്രെൻഡിംഗായി. ഇതോടെ സൊമാറ്റൊ മാപ്പ് പറഞ്ഞ് രംഗത്തെത്തുകയായിരുന്നു. 'വണക്കം വികാസ്. ഞങ്ങളുടെ കസ്റ്റമർ കെയർ ഏജൻറിൻറെ മോശം പെരുമാറ്റത്തിൽ ഞങ്ങൾ മാപ്പ് പറയുന്നു. അടുത്ത തവണ മികച്ച രീതിയിൽ ഭക്ഷണമെത്തിക്കാനുള്ള അവസരം നിങ്ങൾ തരുമെന്ന് കരുതുന്നു. നിങ്ങൾ സൊമാറ്റോയെ ബഹിഷ്കരിക്കരുത്' സെമാറ്റോ ട്വീറ്റിൽ പറയുന്നു.

വൈവിധ്യമാർന്ന സംസ്കാരത്തോടുള്ള അവഗണന കാരണം ഞങ്ങളുടെ ഏജൻറിനെ പിരിച്ചുവിട്ടു എന്നും സൊമാറ്റോ അറിയിച്ചു. എന്നാൽ മണിക്കൂറുകൾക്ക് ശേഷം ജീവനക്കാരിയെ തിരിച്ചെടുക്കുകയാണെന്ന് സൊമാറ്റോ സിഇഒ ദീപീന്ദർ ഗോയൽ ട്വീറ്റ് ചെയ്യുകയായിരുന്നു.

തങ്ങളുടെ കസ്റ്റമ!ർ കെയ!ർ ജീവനക്കാ!ർ ഭാഷയിൽ പ്രാവീണ്യരല്ലെന്നും, ഭാഷാ പരമായ വികാരങ്ങൾ ഇല്ലെന്നുമായിരുന്നു ഇതിന് നൽകിയ വിശദീകരണം. ചിക്കൻ റൈസും പെപ്പർ ചിക്കനും ആണ് വികാസ് ഓർഡർ ചെയ്തത്. എന്നാൽ ചിക്കൻ റൈസ് മാത്രമാണ് ലഭിച്ചത്.

പെപ്പർ ചിക്കൻറെ പണം റീഫണ്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഹോട്ടലുകാരെ വിളിച്ചെങ്കിലും സൊമാറ്റോയിൽ പരാതി കൊടുക്കാനായിരുന്നു മറുപടി. സൊമാറ്റോ കസ്റ്റമർ ഏജൻറ് ഹോട്ടലുകാരെ വിളിച്ചെങ്കിലും തമിഴ് ഭാഷ അറിയാത്തതിനാൽ പറഞ്ഞത് മനസിലായില്ല.

ഇക്കാര്യം വികാസിനെ അറിയിച്ചപ്പോൾ തമിഴ്നാട്ടിൽ ജോലി ചെയ്യാൻ തമിഴ് ഭാഷ അറിയുന്നവരെ നിയോഗിക്കാനായിരുന്നു മറുപടി. ഇതോടെയാണ് രാഷ്ട്രഭാഷ ആയ ഹിന്ദി അൽപമെങ്കിലും അറിഞ്ഞിരിക്കണമെന്ന് വികാസിനോട് ജീവനക്കാരി പറഞ്ഞത്.

# വീണ്ടും പതിനായിരം കടന്ന് പ്രതിദിന കേസുകൾ; ഇന്ന് 11,150 പേർക്ക് രോഗം; ടിപിആർ 11.84



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 11,150 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 2012, തിരുവനന്തപുരം 1700, തൃശൂർ 1168, കോഴിക്കോട് 996, കോട്ടയം 848, കൊല്ലം 846, മലപ്പുറം 656, ആലപ്പുഴ 625, കണ്ണൂർ 531, ഇടുക്കി 439, പത്തനംതിട്ട 427, പാലക്കാട് 415, വയനാട് 328, കാസർഗോഡ് 159 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 94,151 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 158 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 211 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,89,666 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,80,038 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 9628 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 707 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 82,738 കോവിഡ് കേസുകളിൽ, 9.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 82 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 27,084 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 41 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 10,689 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 348 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 72 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 8592 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1085, കൊല്ലം 470, പത്തനംതിട്ട 418, ആലപ്പുഴ 660, കോട്ടയം 858, ഇടുക്കി 806, എറണാകുളം 593, തൃശൂർ 1137, പാലക്കാട് 662, മലപ്പുറം 631, കോഴിക്കോട് 433, വയനാട് 309, കണ്ണൂർ 313, കാസർഗോഡ് 217 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 82,738 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 47,69,373 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# നദീതീരങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത

കിഴക്കൻ കാറ്റിന്റെ സ്വാധീനം കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിൽ സജീവമാകുന്നതിന്റെ ഭാഗമായി കേരളത്തിൽ ബുധനാഴ്ച മുതൽ ശനിയാഴ്ച (23) വരെ നദീതീരങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. ഭാരതപ്പുഴ, പെരിയാർ, അപ്പർ പെരിയാർ, പമ്പ നദീതീരങ്ങളിൽ ഒക്ടോബർ 19 ന് 11 25 ാാ മഴ ലഭിക്കാൻ സാധ്യത ഉണ്ടെന്നും നാളെ (ഒക്ടോബർ 20 ബുധനാഴ്ച) ഭാരതപ്പുഴ, പെരിയാർ, ലോവർ പെരിയാർ, അപ്പർ പെരിയാർ, പമ്പ, ചാലക്കുടി, നദീതീരങ്ങളിൽ 26 37 ാാ മഴയും മീനച്ചിൽ, അച്ചൻകോവിൽ നദീതീരങ്ങളിൽ 11 25 ാാ മഴ ലഭിക്കാൻ സാധ്യത ഉണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഒക്ടോബർ 21 വ്യാഴാഴ്ച ഭാരതപ്പുഴ,പെരിയാർ,ലോവർ പെരിയാർ, അപ്പർ പെരിയാർ, പമ്പ, ചാലക്കുടി,അച്ചൻകോവിൽ നദീതീരങ്ങളിൽ 38 50 ാാ മഴയും മീനച്ചിലിൽ 26 37 ാാ മഴയും അച്ചന്കോവിലിൽ 11 25 ാാ മഴയും ലഭിക്കാൻ സാധ്യത.

ഒക്ടോബർ 22 വെള്ളിയാഴ്ച ഭാരതപ്പുഴ,പെരിയാർ,ലോവർ പെരിയാർ, അപ്പർ പെരിയാർ, ചാലക്കുടി,മീനച്ചിൽ നദീതീരങ്ങളിൽ 38 50 ാാ മഴയും പമ്പ അച്ചൻകോവിൽ നദീതീരങ്ങളിൽ 26 37 ാാ മഴയും ലഭിക്കാൻ സാധ്യത ഉള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# സീറ്റ് ബെൽറ്റ് ഇടാത്തതിന് പിടിയിലായ 'അയോധ്യയിലെ രാമന്' എതിരെ കേസ്

കൊല്ലം: വാഹനപരിശോധനയ്ക്കിടെ പിടിയിലായപ്പോൾ തെറ്റായ മേൽവിലാസം നൽകി പോലീസിനെ കബളിപ്പിച്ച സംഭവത്തിൽ കാർ യാത്രക്കാരനെതിരെ കേസെടുത്തു. കാട്ടാക്കട മൈലാടി സ്വദേശി നന്ദകുമാറിനെതിരെയാണ് കേസെടുത്തത്. പേര് രാമൻ, അച്ഛൻറെ പേര് ദശരഥൻ, സ്ഥലം അയോധ്യ എന്ന് പേരും വിലാസം നൽകിയത് സമൂഹമാധ്യമങ്ങളിൽ വലിയ പരിഹാസത്തിന് വഴിവച്ചിരുന്നു. കഴിഞ്ഞ 12നാണ് വാഹനപരിശോധനയ്ക്കിടെ സംഭവമുണ്ടായത്. സീറ്റ് ബൽറ്റ് ഇടാതെ യാത്ര ചെയ്തതിന് പോലീസ് 500 രൂപ പിഴ ചുമത്തിയപ്പോഴാണ് യുവാവ് തെറ്റായ മേൽവിലാസം നൽകിയത്. നന്ദകുമാർ നൽകിയത് തെറ്റായ പേരും വിലാസവുമാണെന്ന് മനസിലായെങ്കിലും പേര് എന്തായാലും സർക്കാരിന് കാശു കിട്ടിയാൽ മതിയെന്നായിരുന്നു പോലീസ് ഉദ്യോഗസ്ഥൻ പറയുന്നത്.

ചടയമംഗലം പോലീസിൻറെ സീൽ പതിച്ച രസീതും സംഭവത്തിൻറെ വീഡിയോയും സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതോടെ 'അയോധ്യയിലെ രാമന്' പെറ്റി നൽകിയെന്ന് പോലീസും സമ്മതിക്കുകയായിരുന്നു. നിയമലംഘനം ചോദ്യം ചെയ്തപ്പോൾ യുവാക്കൾ കയർത്തു. മേൽവിലാസ രേഖകൾ നൽകാൻ തയാറാകായില്ല. നിവൃത്തിയില്ലാതെ വന്നപ്പോഴാണ് യാത്രക്കാരനായ യുവാവ് പറഞ്ഞ മേൽവിലാസത്തിൽ പെറ്റി നൽകിയതെന്നായിരുന്നു പോലീസിൻറെ വിശദീകരണം.

പ്രതിക്കെതിരെ ഐപിസി 419, കേരള പൊലീസ് ആക്ടിലെ 121, മോട്ടോർ വാഹന നിയമത്തിലെ 179 വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. ജാമ്യം കിട്ടാവുന്ന വകുപ്പുകളാണ് മൂന്നും.

# കാലാവസ്ഥ വ്യതിയാനം: മാധ്യമ ശിൽപശാല 23ന്

തിരുവനന്തപുരം: കേരള പത്രപ്രവർത്തക യൂണിയന്റെയും കേരള മീഡിയ അക്കാദമിയുടെയും സംയുക്താഭിമുഖ്യത്തിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച ബോധവല്കരണ ശിൽപശാല 23 ന് നടക്കും. ബംഗളൂരുവിലെ അസാർ സോഷ്യൽ ഇംപാക്ട് അഡ്വൈസേഴ്സിന്റെ സഹകരണത്തോടെയാണ് 'കേരളത്തിലെ പരിസ്ഥിതി ദുരന്തമുഖങ്ങളിലെ മാധ്യമ പ്രവർത്തകർ എന്തിന് ഗ്ലാസ്ഗൗ കാലാവസ്ഥാ വ്യതിയാന ഉച്ചകോടിയെ ശ്രദ്ധിക്കണം.' എന്ന വിഷയത്തിൽ ഓൺലൈൻ ആയാണു ശിൽപശാല. പ്രമുഖ മാധ്യമപ്രവർത്തകൻ നിധിൻ സേഥി, പരിസ്ഥിതി പ്രവർത്തക പ്രിയ പിള്ള, ആതിര പെരിഞ്ചേരി എന്നിവർ സംസാരിക്കും.



പെരുമൺ മൺറോതുരുത്ത് പാലം നിർമ്മാണ പ്രവർത്തികൾ വിലയിരുത്തുന്ന മന്ത്രി പി. എ. മുഹമദ് റിയാസ്

# കരുതലോടെ തുറക്കാനായി വിദ്യാലയങ്ങൾ സജ്ജം

കോവിഡ് കാലത്തെ ഇടവേളയ്ക്ക് ശേഷം വിദ്യാർത്ഥികളെ സ്വീകരിക്കാൻ ജില്ലയിലെ വിദ്യാലയങ്ങൾ ഒരുങ്ങുന്നു. ശുചീകരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായി. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസും ശുചീകരണ പ്രവർത്തനങ്ങളുമടക്കം വിലയിരുത്തി. വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്കൂളുകളിൽ പരിശോധന നടത്തി. ഉച്ചഭക്ഷണം നൽകുന്ന സ്കൂളുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വിലയിരുത്തി.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാത്ത സ്കൂൾ അധികൃതർ അടിയന്തരമായി ഹാജരാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ പറഞ്ഞു. ഒരു ബെഞ്ചിൽ രണ്ടു കുട്ടികളെ മാത്രമേ അനുവദിക്കൂ. കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി ക്ലാസ് മുറികളിൽ കയറുന്നതിനു മുൻപ് സാനിറ്റേഷൻ, തെർമൽ സ്കാനിങ് എന്നിവ നടത്തും. മാസ്ക് ഉൾപ്പടെ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കി. അധ്യാപകഅനധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ് മുറികൾ അണുവിമുക്തമാക്കി. വിദ്യാർത്ഥികൾക്ക് ആവശ്യമായ മറ്റു സൗകര്യങ്ങളും ഒരുക്കി. 'കരുതലോടെ വരാം സ്കൂളിലേക്ക്' എന്ന തലക്കെട്ടോടെയുള്ള കോവിഡ് ബോധവൽക്കരണ വിവരങ്ങളും സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

# പട്ടികജാതിക്കാർക്ക് സൈബർശ്രീ സിഡിറ്റിൽ സൗജന്യ പരിശീലനം

ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടിയുള്ള മത്സരപരീക്ഷകളിൽ വിദ്യാർത്ഥികളെ മാനസികമായി ശക്തിപ്പെടുത്തുന്നതിനോടൊപ്പം വ്യക്തിത്വവികസനം, കമ്മ്യൂണിക്കേഷൻ, സാമൂഹിക പരിജ്ഞാനം, കരിയർ വികസനം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ മേഖലകളിൽ സൈബർശ്രീ സിഡിറ്റ് പരിശീലനം നൽകും. മൂന്നു മാസത്തെ സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 1,000 രൂപ സ്റ്റൈപ്പെന്റായി ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം മൂന്നു വർഷ ഡിപ്ലോമ/ എൻജിനിയറിങ് പാസായവർക്കും കോഴ്സ് പൂർത്തീകരിച്ചവർക്കും അവസരം ലഭിക്കും. പ്രായപരിധി 18നും 26നും മദ്ധ്യേ.

വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷയ്ക്കൊപ്പം സൈബർശ്രീ സെന്റർ, സിഡിറ്റ്, അംബേദ്കർ ഭവൻ, മണ്ണന്തല പി.ഒ, തിരുവനന്തപുരം 695 015 എന്ന വിലാസത്തിലോ ര്യയല ്യ്യൈശരറശ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ ഒക്ടോബർ 30 നകം അയയ്ക്കണം. അപേക്ഷകൾ ംംം.ര്യയല്യ്യൈശ.ീൃഴ യിൽ ലഭ്യമാണ്. ഫോൺ: 04712933944, 9947692219, 9447401523.

# ലാറ്ററൽ എൻട്രി ഡിപ്ലോമ പ്രവേശനം

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിലെ 202122 അധ്യയന വർഷത്തെ ഡിപ്ലോമ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് മുസ്ലിം വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് ജില്ലാതല റാങ്ക് ലിസ്റ്റിൽ മുസ്ലിം വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ വിദ്യാർഥികൾക്കും ഒക്ടോബർ 22ന് രാവിലെ 9.30 മുതൽ 11 മണിവരെ നേരിട്ട് ഹാജരായി രജിസ്ട്രേഷൻ നടത്താം. ടി.സി ഒഴികെയുള്ള എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും മറ്റു പോളിടെക്നിക് കോളേജിൽ പ്രവേശനം നേടിയവർ അഡ്മിഷൻ സ്ലിപ്പും ഫീസ് രസീതും ഹാജരാക്കണം. അഡ്മിഷൻ ലഭിക്കുന്നവർ 13,780 രൂപ ഫീസ് എ. ടി. എം കാർഡ് മുഖേന ഒടുക്കണം. ഫോൺ : 9744846849, 9400364047, 9447398413.

# മഴക്കെടുതി: 42 മരണം

കേരളത്തിലെ മഴക്കെടുതികളിൽ ഒക്ടോബർ 12 മുതൽ 20 വരെ 42 മരണങ്ങൾ സംഭവിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആറു പേരെ കാണാതായി. ഉരുൾപൊട്ടലിൽ പെട്ട 19 പേരുടെ മൃതദേഹം കണ്ടെത്തി. നിലവിൽ 304 ദുരിതാശ്വാസ ക്യാമ്പുകളിൽ 3851 കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

തെക്കൻ തമിഴ്നാട് തീരത്തിനു സമീപം ചക്രവാതചുഴി രൂപപ്പെട്ടിട്ടുണ്ട്. അടുത്ത 23 ദിവസങ്ങളിൽ ഇത് തുടരാൻ സാധ്യതയുണ്ട്. ഇതിന്റെ സ്വാധീനത്തിൽ ഒക്ടോബർ 24 വരെ കേരളത്തിൽ വ്യാപകമായി ഇടിമിന്നലൊടെ മഴയ്ക്ക് സാധ്യതയുണ്ട്. ഒക്ടോബർ 21നു ഒറ്റപ്പെട്ട ശക്തമായ മഴക്കും സാധ്യതയുണ്ട്. അടുത്ത ആഴ്ച തുലാവർഷം ആരംഭിക്കാൻ സാധ്യതയുള്ളതിനാൽ കരുതലും ജാഗ്രതയും തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കേരളത്തിന്റെ പ്രളയ കെടുതികളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോഡി നേരിട്ട് വിളിച്ച് ആരായുകയും കേന്ദ്രത്തിന്റെ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. കഴിഞ്ഞ ദിവസം ദലൈലാമയും ഐക്യാദാർഢ്യം അറിയിച്ച് സന്ദേശം നൽകി.

ദേശിയ ദുരന്തനിവാരണ സേനയുടെ 12 ടീമുകളും രണ്ട് ആർമി ടീമുകളും മൂന്ന് ഡി എസ് സി ടീമുകളും എയർഫോഴ്സിന്റെ രണ്ടു ചോപ്പറുകളും നേവിയുടെ ഒരു ചോപ്പറും എൻജിനിയറിങ് ടാസ്ക്ഫോഴ്സും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

എല്ലാ ജില്ലകളിലും സംസ്ഥാന സേനകളെ കൂടാതെ ആവശ്യാനുസരണം ദേശീയ സേനകളെയും വിന്യസിച്ചിട്ടുണ്ട്. മഴക്കെടുതികളിൽ മരിച്ചവർക്കുള്ള ധനസഹായം എത്രയും പെട്ടെന്ന് കൈക്കൊള്ളാനുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകി. കൂടാതെ തകർന്ന വീടുകളുടെയും റോഡുകളുടെയും പാലങ്ങളുടെയും കണക്കെടുപ്പ് പൂർത്തീകരിച്ച് എത്രയും പെട്ടന്ന് ധനസഹായം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. കിടപ്പാടവും കൃഷിയും മറ്റു സ്വത്തുക്കളും നഷ്ടപ്പെട്ടവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ക്യാമ്പുകളിൽ കോവിഡ് പകരാതിരിക്കാൻ പ്രത്യേക ജാഗ്രത പാലിക്കണം. ക്യാമ്പുകളിലുള്ളവരും സന്നദ്ധ പ്രവർത്തകരും ജീവനക്കാരുമെല്ലാം കോവിഡ് മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണം. പുറത്ത് നിന്ന് വരുന്നവർ ക്യാമ്പിലെ അംഗങ്ങളുമായി സമ്പർക്കം ഒഴിവാക്കണം. ക്യാമ്പുകളിൽ ആന്റിജൻ പരിശോധന നടത്താൻ പ്രത്യേക അനുമതി നൽകി. ക്യാമ്പുകളോടനുബന്ധിച്ച് ആരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പ് വരുത്തും. കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ഗുരുതര രോഗികൾ എന്നിവരുമായി ക്യാമ്പിലുള്ള മറ്റുള്ളവർ അടുത്ത് ഇടപഴകുന്നത് കഴിയുന്നതും ഒഴിവാക്കണം. രണ്ട് വയസിന് മുകളിലുള്ള കുട്ടികൾ മാസ്ക് ധരിക്കണം. മലിനജലവുമായി സമ്പർക്കമുള്ളവർ ഉറപ്പായും ഡോക്സിസൈക്ലിൻ ഗുളിക കഴിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

# ഡിപ്ലോമ പ്രവേശനം

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിലെ 202122 വർഷത്തെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് രണ്ടാം സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 22ന് നടത്തുന്നു.

ഡിപ്ലോമ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിങ്, കമ്പ്യൂട്ടർ ഹാർഡ്വെയർ എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ് എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം.

ടി.എച്ച്.എസ്.എൽ.സി, വി.എച്ച്.എസ്.ഇ, കുശവ, എസ്.സി എന്നീ സംവരണ വിഭാഗത്തിൽപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് രാവിലെ 9.30 മണി മുതലും 25,000 വരെ വരെ റാങ്ക് ഉള്ളവർക്ക് 11 മണി വരെയും സ്ഥാപനത്തിൽ രജിസ്ട്രേഷൻ നടത്തി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം.

എസ്.എസ്.എൽ.സി, സംവരണങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ഫീസ് ആനുകൂല്യത്തിന് വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

മറ്റ് പോളിടെക്നിക് കോളേജുകളിൽ പ്രവേശനം നേടിയവർ ഫീസ് രസീതും അഡ്മിഷൻ സ്ലിപ്പുമായാണ് ഹാജരാകേണ്ടത്.

പ്രവേശനം ലഭിക്കുന്ന പട്ടികജാതിപട്ടികവർഗ അപേക്ഷകരും, ഒരുലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരും കോഷൻ ഡിപ്പോസിറ്റായി 1000 രൂപയും ഒരു ലക്ഷത്തിന് മുകളിൽ വരുമാനമുള്ളവർ കോഷൻ ഡിപ്പോസിറ്റ് ഉൾപ്പെടെ ഫീസായി 3780 രൂപയും എ.ടി.എം കാർഡ് മുഖേന ഒടുക്കണം. ഫോൺ: 9744846849, 9400364047, 9447398413.

# മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ നഷ്ടപരിഹാരത്തിന് നടപടി: മന്ത്രി

ജില്ലാതലത്തിൽ ദുരന്തനിവാരണ വകുപ്പിൽ നിന്നുള്ള ധനസഹായം കർഷകർക്ക് സമയബന്ധിതമായി എത്തിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു. ധനസഹായ വിതരണത്തിനുള്ള അപേക്ഷ ക്ഷണിക്കും. പ്രളയത്തിൽ നാശനഷ്ടം ഉണ്ടായ കർഷകർ അതതു പഞ്ചായത്തിലെ മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ പക്കലോ, ക്ഷീരവികസന വകുപ്പിന്റെ ബ്ലോക്ക്തലത്തിലെ ഓഫീസിലോ പത്ത് ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.

പ്രളയക്കെടുതിമൂലം ഉണ്ടായ നാശനഷ്ടങ്ങളും ദുരന്തനിവാരണ പ്രവർത്തങ്ങളും വിലയിരുത്തുന്നതിന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളുടെ യോഗം മന്ത്രി വിളിച്ചു. സംസ്ഥാനത്ത് 91 ഉരുക്കൾ, 42 ആടുകൾ, 25,032 കോഴികൾ, 274 തൊഴുത്തുകൾ, 29ൽ പരം കോഴിക്കൂടുകൾ, അഞ്ച് ലക്ഷം രൂപയുടെ കാലിത്തീറ്റ ഉൾപ്പെടെ രണ്ട് കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് പ്രാഥമിക വിലയിരുത്തൽ. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കൺട്രോൾറൂം തുറക്കുകയും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തതായി വകുപ്പ് തലവൻമാർ അറിയിച്ചു. പ്രകൃതിക്ഷോഭത്തിനു സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മുൻകുരുതൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ കന്നുകാലികളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ ജില്ലാതല ദുരന്തനിവാരണ അതോറിറ്റിയുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിലെ ജില്ലാതല കൺട്രോൾ റൂമുകളിൽ നിന്നുമുള്ള വിവരങ്ങൾ സംസ്ഥാന തലത്തിലുള്ള കൺട്രോൾ റൂമിൽ (0471 2732151) ക്രോഡീകരിച്ച് നടപടി സ്വീകരിക്കും. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ജില്ലാതലത്തിൽ ക്ഷീരവികസനം മൃഗസംരക്ഷണം മിൽമ തുടങ്ങിയ മേഖലകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്ടറി ദുരന്തനിവാരണ കമ്മിറ്റിക്കു രൂപം നൽകാൻ യേഗം തീരുമാനിച്ചു.

# രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ വിവിധ ഡിപ്ലോമ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിൽ രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ 22, 23 തീയതികളിൽ നടത്തും. 202122 അധ്യയന വർഷത്തെ ഡിപ്ലോമ പ്രവേശനത്തിനുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അസ്സൽ രേഖകളും മതിയായ ഫീസും സഹിതം ഹാജരാകണം. 22ന് രാവിലെ 910 മണിക്ക് അംഗപരിമിതർ (പി.എച്ച്), ശ്രവണവൈകല്യമുള്ളവർ (എച്ച്.ഐ) ടി.എച്ച്.എസ്.എൽ.സി, വി.എച്ച്എസ്.ഇ, എസ്.സി, എസ്.ടി, കുടുംബി, കുശവ എന്നീ വിഭാഗങ്ങളിൽ ഉള്ള എല്ലാവരും എത്തണം. 1011 മണിക്ക് 1 മുതൽ 20,000 വരെയുള്ള എല്ലാ വിഭാഗക്കാരും (സ്ട്രീം 1 & സ്ട്രീം 2), 121 മണിക്ക് 20,001 മുതൽ 30,000 വരെയുള്ള എല്ലാ വിഭാഗക്കാരും (സ്ട്രീം 1 & സ്ട്രീം 2) പ്രവേശനം നേടണം.

23ന് രാവിലെ 910.30 വരെ 30,001 മുതൽ 40,000 വരെയുള്ള എല്ലാ വിഭാഗക്കാരും (സ്ട്രീം 1 & സ്ട്രീം 2), 10.3012.30 വരെ 40,001 മുതൽ അവസാന റാങ്ക് വരെയുള്ള എല്ലാ എസ്.ഇ.ബി.സി വിഭാഗക്കാർക്കും (ഈഴവ, മുസ്ലീം, ലാറ്റിൻ കത്തോലിക്, മറ്റ് പിന്നാക്ക ക്രിസ്ത്യൻ, മറ്റ് പിന്നാക്ക ഹിന്ദു, ധീവരരും അനുബന്ധ വിഭാഗക്കാരും വിശ്വകർമ്മ അനുബന്ധ വിഭാഗക്കാരും വിശ്വകർമ്മ അനുബന്ധ വിഭാഗക്കാരും ഉൾപ്പെടുന്നവർ) ഇ.ഡബ്ല്യൂ.എസ് വിഭാഗക്കാരും (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന) പ്രവേശനത്തിനെത്തണം. കൂടുതൽ വിവരങ്ങൾക്ക്: www.po-ly-a-dm-i-ssion.or-g.

# സംസ്ഥാനത്ത് 120 റോഡുകൾ നവീകരിക്കും: മന്ത്രി

സംസ്ഥാനത്തെ 120 റോഡുകളുടെ നവീകരണത്തിനായി പിഎംജിഎസവൈ പദ്ധതിയിലൂടെ 378.98 കോടി രൂപ അനുവദിച്ചതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. 567.79 കിലോമീറ്റർ നീളമുള്ള റോഡുകളുടെ നവീകരണത്തിന് 224.38 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവും 154.60 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും ആണ്.

പിഎംജിഎസവൈ മൂന്നാം ഘട്ടത്തിന്റെ മാർഗനിർദേശ പ്രകാരം റോഡിന്റെ ഡിസൈൻ ലൈഫ് പത്തു വർഷമാണെന്നും ആദ്യത്തെ അഞ്ചു വർഷത്തെ ഡിഫെക്ട് ലയബിലിറ്റി പിരീഡ് (ഡിഎൽപി) കോൺട്രാക്ടർ തന്നെ സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു. മൊത്തം നിർമാണ ചിലവിന്റെ 9 ശതമാനം അഞ്ചുവർഷ ഡിഎൽപിക്ക് വേണ്ടി നീക്കി വെക്കും. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 33.67 കോടി രൂപയുടെ ഡിഎൽപി മെയിന്റനൻസ് കോസ്റ്റും 75.85 കോടി രൂപ പ്രതീക്ഷിത പുനരുജ്ജീവന തുകയായും അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

# തീവ്രമഴ മുന്നറിയിപ്പ് അടിയന്തര സാഹചര്യം നേരിടാൻ വിപുല സന്നാഹം ജില്ലാ കലക്ടർ

അതിതീവ്ര മഴ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ രക്ഷാപ്രവർത്തനത്തിനായി അതിവിപുല സംവിധാനം ഏർപ്പെടുത്തിയെന്ന് ദുരന്തനിവാരണ് അതോറിറ്റി ചെയർപേഴസ്ൺ കൂടിയായ ജില്ലാ കലക്ടർ അഫ്സാന പർവീൺ അറിയിച്ചു. ആവശ്യാനുസരണം കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കും. ആർ. ആർ. ഡെപ്യൂട്ടി കലക്ടർക്കാണ് ചുമതല. കോവിഡ് സാഹചര്യം കൂടി മുന്നിൽക്കണ്ടാണ് ക്യാമ്പുകൾ സജ്ജീകരിക്കുന്നത്. ഗൃഹനിരീക്ഷണത്തിൽ കഴിയേണ്ടുന്നവർക്കായി ശുചിമുറിയുടെ സാമീപ്യം ഉറപ്പാക്കും. ഇത്തരം കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കി. അപകടസാധ്യതാ പ്രദേശങ്ങളിലുള്ളവരെ നിർബന്ധമായും ക്യാമ്പുകളിലേക്ക് മാറ്റും. തദ്ദേശസ്ഥാപനങ്ങളാണ് ഏകോപനം നിർവഹിക്കുക. ക്യാമ്പ് പരിപാലന കമ്മിറ്റി പുരുഷ/ വനിതാ പ്രതിനിധികൾ, വാർഡ് അംഗം, ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രവർത്തിക്കുക. സാമൂഹിക അടുക്കള ക്യാമ്പ് അംഗങ്ങളുടെ സഹായത്തോടെയോ സന്നദ്ധ സംഘടനകൾ മുഖാന്തിരമോ സജ്ജമാക്കും. സപ്ലൈ ഓഫീസ് മുഖേന ക്യാമ്പിലേക്ക് ആവശ്യമുള്ള പാചക വസ്തുക്കളും പാചകവാതകവും ലഭ്യമാക്കും. കുടിവെള്ളം/ വൈദ്യുതി എന്നിവ തസ്സരഹിതമായി അതത് വകുപ്പുകൾ നൽകും. ശുചിത്വ മിഷൻ തദ്ദേശസ്ഥാപനത്തിന്റെ സഹകരണത്തോടെ മാലിന്യം നീക്കി ശുചിത്വം ഉറപ്പാക്കും. കോവിഡ് പരിശോധനയ്ക്കും ആരോഗ്യ നിരീക്ഷണത്തിനുമായി അരോഗ്യ വിദഗ്ധരേയും നിയോഗിച്ചു. വാഹനങ്ങളുടെ ലഭ്യതയും ഉറപ്പാക്കി. ക്യാമ്പ് അംഗങ്ങളുടെ വിവരങ്ങൾ റിലീഫ് പോർട്ടലിൽ ചേർക്കും. പ്രതിദിന യോഗം ചേർന്ന് ക്യാമ്പിന്റെ കുറ്റമറ്റ നടത്തിപ്പ് ഉറപ്പാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയെന്നും കലക്ടർ അറിയിച്ചു.

# പെരുമൺ മൺട്രോത്തുരുത്ത് പാലം സമയബന്ധിതമായി പൂർത്തീകരിക്കും : മന്ത്രി മുഹമ്മദ് റിയാസ്

സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പെരുമൺ മൺറോതുരുത്ത് പാലം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം.

വിനോദ സഞ്ചാര മേഖലയെ ബന്ധിപ്പിച്ച് പ്രഖ്യാപിച്ച ബയോഡൈവേഴ്സിറ്റി സർക്യൂട്ടിൽ ഉൾപ്പെട്ട പ്രദേശമെന്ന നിലയ്ക്ക് അടിയന്തര പ്രാധാന്യത്തോടെയാണ് നിർമ്മാണ പ്രവർത്തികൾ നടക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന്റെ പുരോഗതി വിലയിരുത്താനും അതിവേഗം പൂർത്തിയാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുമായി പ്രത്യേക യോഗം വിളിച്ചുചേർക്കും മന്ത്രി പറഞ്ഞു.

നിലവിൽ പാലത്തിന്റെ പൈലിംഗ് പൂർത്തിയായിട്ടുണ്ട്. 417 മീറ്ററാണ് നീളം. 500 മീറ്റർ വീതം നീളമുള്ള അപ്രോച്ച് റോഡുകളാണ് ഇരുവശങ്ങളിലും. ഏഴര മീറ്റർ വീതിയുള്ള ക്യാരേജും ഒന്നര മീറ്റർ വീതിയിൽ ഫുട്പാത്തുമാണ് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നത്. 42.5 കോടിയാണ് അടങ്കൽ തുക.

എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീകുമാർ, അസിസ്റ്റന്റ് എൻജിനീയർ ദീപ, കെ. ആർ.എഫ്.ബി ഉദ്യോഗസ്ഥർ, ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.